# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4643

## 22.03.2018 ലെ മറുപടിക്ക്

## ആസ്തി വികസന ഫണ്ടിൽ നിന്നും പുസ്തകം വാങ്ങാൻ അനുമതി

| | ചോദ്യം<br>ശ്രീ.റോജി എം. ജോൺ | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള സംസ്ഥാനത്തെ ലൈബ്രറികൾക്കും സർക്കാർ/എയ്ഡഡ് സ്കൂളുകൾക്കും എം.എൽ.എ ഫണ്ടിൽ നിന്നും ആസ്തി വികസന ഫണ്ടിൽ നിന്നും പുസ്തകം വാങ്ങി നൽകുന്നതിന് അനുവാദം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇപ്രകാരം വാങ്ങി നൽകുന്നതിന് അനുവാദം നൽകുന്ന കാര്യം പരിഗണിക്കുമോ ; | എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധിയുടെ (MLASDF) മാനദണ്ഡങ്ങൾ പ്രകാരം സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലൈബ്രറികൾക്കല്ലാതെ പുസ്തകങ്ങൾ, ഷെൽഫുകൾ എന്നിവ വാങ്ങുന്നതിന് അനുമതിയില്ല. ഒരു സ്കൂളിന് ഇതിലേക്കായി ചെലവഴിക്കുന്നതിനുള്ള പരമാവധി തുക നിജപ്പെടുത്തിയിട്ടില്ലെങ്കിലും പ്രത്യേക വികസന നിധിയ്ക്കായി അനുവദിച്ചിട്ടുള്ള തുകയുടെ പരിധിയ്ക്കുള്ളിൽ നിന്നുകൊണ്ട് ഇതിനായുള്ള ശുപാർശകൾ സമർപ്പിക്കാവുന്നതാണ്. സ്റ്റോർസ് പർച്ചേസ് ചട്ടങ്ങൾ കൃത്യമായി പാലിച്ചുകൊണ്ടായിരിക്കണം പുസ്തകങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും വാങ്ങേണ്ടത്. 15,000/- രൂപയ്ക്ക് മുകളിലുള്ള പർച്ചേസുകൾക്ക് മുൻനിര പ്രസാധകരിൽ നിന്നും പുസ്തക വിൽപ്പനശാലകളിൽ നിന്നും ക്വട്ടേഷൻ വിളിച്ച് വിലയിൽ പരമാവധി ഇളവ് ലഭ്യമാകുന്ന രീതിയിൽ പർച്ചേസ് നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതാണ്. സർക്കാർ ഉടമസ്ഥതയിൽ മൂലധനസ്വഭാവമുള്ള ആസ്തികളുടെ സൃഷ്ടിയാണ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി (LACADS) ലക്ഷ്യമിടുന്നത്. ആയതിനാൽ പ്രസ്തുത ഫണ്ടുപയോഗിച്ച് പുസ്തകങ്ങളും ഷെൽഫുകളും വാങ്ങുന്നതിന് അനുമതിയില്ല. ആയതിലേക്കായി പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങളിൽ ഇളവു വരുത്തുന്നത് പരിഗണനയിലില്ല. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങൾക്ക് പുസ്തകം എവിടെ നിന്നെല്ലാം വാങ്ങാൻ കഴിയും;വ്യക്തമാക്കാമോ; | |
| (സി) | ഒരു സ്കൂളിന് പരമാവധി എത്ര രൂപയുടെ പുസ്തകങ്ങൾ വാങ്ങാൻ കഴിയും; ഇത് സംബന്ധിച്ച ഏതെങ്കിലും വ്യവസ്ഥകൾ നിലവിലുണ്ടോ ; വ്യക്തമാക്കാമോ ; | |
| (ഡി) | പല വിദ്യാലയങ്ങളിൽ നിന്നും ലൈബ്രറികളിൽ നിന്നും പുസ്തകങ്ങളും അവ സൂക്ഷിക്കുന്ന റാക്കുകളും ആവശ്യപ്പെട്ട് നിവേദനങ്ങൾ ലഭിക്കുന്ന സാഹചര്യത്തിൽ ഇത്തരം അംഗീകൃത സ്ഥാപനങ്ങൾക്ക് എം.എൽ.എ ഫണ്ടിൽ നിന്നും ആസ്തി വികസന ഫണ്ടിൽ നിന്നും ഒരു നിശ്ചിത തുക ചെലവാക്കുന്നതിനുള്ള ഉത്തരവ് നൽകുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശം ലഭ്യമാക്കാമോ ? | |

സെക്ഷൻ ഓഫീസർ